"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്-നഗരകാര്യം-ജീവനക്കാര്യം-ശ്രീ. സനൽകുമാർ. ഡി.വി -യ്ക്ക് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് നോഷണൽ പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.511/2026/LSGD തീയതി,തിരുവനന്തപുരം, 27-02-2026

പരാമർശം:-
1. സ.ഉ(പി) നം.15/2023/തസ്വഭവ തീയതി 10.02.2023
2. സ.ഉ(സാധ) നം.378/2023/തസ്വഭവ തീയതി 10.02.2023
3. സ.ഉ(സാധ) നം.478/2023/തസ്വഭവ തീയതി 24.02.2023
4. സ.ഉ(പി) നം.11/2025/തസ്വഭവ തീയതി 20.02.2025
5. സ.ഉ(സാധ) നം.675/2025/തസ്വഭവ തീയതി 11.03.2025
6. സ.ഉ(പി) നം.59/2025/തസ്വഭവ തീയതി 03.11.2025

**ഉത്തരവ്**

ശ്രീ.സനൽകുമാർ.ഡി.വി ടിയാന് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് നോഷണൽ പ്രൊമോഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ നൽകിയിരുന്നു. 23.01.2023-ന് ചേർന്ന ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മിറ്റി (ഹയർ) യോഗത്തിൽ ശ്രീ.സനൽകുമാർ.ഡി.വി.-യുടെ പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ ടിയാനെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷന് പരിഗണിച്ചിരുന്നില്ല. എന്നാൽ 23.01.2023-ലെ ഡിപിസി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2023-ലെ പ്രൊമോഷന് വേണ്ടി തയ്യാറാക്കിയ പരാമർശം (1) പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ ടിയാന്റെ ജൂനിയറായ ശ്രീമതി.സിനി.ടി.എൻ-നെ(ക്രമ.നമ്പർ4) ഉൾപ്പെടുത്തുകയും, പരാമർശം(3) സർക്കാർ ഉത്തരവ് പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക സ്ഥാനക്കയറ്റം നൽകുകയും ചെയ്തിരുന്നു.

2. ശ്രീ.സനൽകുമാർവി.ഡി.വി-യുടെ മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ്-11 തസ്തികയിലെ പ്രൊബേഷൻ പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം 26.04.2020 മുതൽ തൃപ്തികരമായി പൂർത്തികരിച്ചതായി പ്രഖ്യാപിച്ച സാഹചര്യത്തിൽ 06.02.2025-ൽ ചേർന്ന അഡ്ഹോക്ക് ഡിപിസി (ഹയർ) അർബൻ 2025 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച്, ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.സനൽകുമാർ.ഡി.വി-യ്ക്ക് പരാമർശം (5) പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ റെഗുലർ പ്രൊമോഷൻ നൽകി ഉത്തരവായിരുന്നു.

3. ശ്രീ.സനൽകുമാർ.ഡി.വി-യുടെ മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ്-11 തസ്തികയിലെ പ്രൊബേഷൻ പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം 26.04.2020 പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തികരിച്ചതായി പ്രഖ്യാപിച്ച സാഹചര്യത്തിൽ 23.01.2023-ലെ ഡിപിസി-തീരുമാനത്തിന്റെ

അടിസ്ഥാനത്തിൽ തയ്യാറാക്കിയ പരാമർശം (1) സെലക്ട് ലിസ്റ്റിൽ ശ്രീ.സനൽകുമാർ.ഡി.വി-ഉൾപ്പെടാൻ അർഹനായിരുന്നു. തുടർന്ന് 25.10.2025-ൽ ചേർന്ന അഡ്ഹോക്ക് ഡിപിസി (ഹയർ) 2025, ശ്രീ.സനൽ കുമാർ ഡി.വി, ഡെപ്യൂട്ടി ഡയറക്ടർ, നോഷണൽ പ്രൊമോഷൻ ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിന്മേൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സെലക്ട് ലിസ്റ്റ് പരിഷ്കരിച്ച് ശ്രീ.സനൽകുമാർ.ഡി.വി.യുടെ സ്ഥാനപ്രകാരം ടിയാന്റെ തൊട്ടടുത്ത ജൂനിയർക്ക് ഡെപ്യൂട്ടി ഡയറക്ടർ തസ്കിയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയ ഉത്തരവ് തീയതി മുതൽ ടിയാന് പ്രസ്തുത തസ്തികയിൽ നോഷണൽ പ്രൊമോഷൻ നൽകുന്നതിനായി തീരുമാനിക്കുകയും പരാമർശം (6) പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ ശ്രീമതി.കവിത.എസ്.കുമാറിനും (സീരിയൽനം.3) ശ്രീമതി സിനി.ടി.എൻ-(സീരിയൽ നം.4) -നുമിടയിൽ ശ്രീ.സനൽകുമാർ.ഡി.വി.-യെ (സീരിയൽ നം. 3A) ആയി ഉൾപ്പെടുത്തുകയും ചെയ്തു.

4. മേൽ സാഹചര്യത്തിൽ കെ.എസ്.ആർ. പാർട്ട് (1) റൂൾ 23(സി) പ്രകാരം നോഷണൽ പ്രൊമോഷന് ശമ്പളത്തിന്റെയും, അലവൻസുകളുടെയും കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ ശ്രീ.സനൽകുമാർ.ഡി.വി-യ്ക്ക് ടിയാന്റെ ജൂനിയറായ ശ്രീമതി.സിനി.ടി.എൻ-ന് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയ പരാമർശം (3) സർക്കാർ ഉത്തരവ് തീയതിയായ 24.02.2023 പ്രാബല്യത്തിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് നോഷണൽ പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), കേരളം, തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ.സനൽകുമാർ.ഡി.വി ,ഡെപ്യൂട്ടി ഡയറക്ടർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 27-02-2026 17:18:45
സെക്ഷൻ ഓഫീസർ